ദ്രുതഗതിയിലുള്ള പരിഹാരം ലഭിക്കുന്നതിലേക്കായി ജില്ലാ കളക്ട്രേറ്റുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കാനുള്ള നിർദ്ദേശം പരിഗണനയിലാണ്.

വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക് പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ നടത്തിവരുന്നു. ഈ ശില്പശാലകൾ എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടൊപ്പം 14 ജില്ലകളിലും പ്രീ-ഡിപ്പാർച്ചർ പരിശീലനം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി ചേർന്ന് നടത്തുന്നതിനും നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

(സി) മറുനാടൻ മലയാളികൾക്കിടയിൽ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനായി ഡൽഹിയിലും മുംബൈലും പ്രവർത്തിക്കുന്ന എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾക്ക് പുറമേ ചെന്നൈയിലും ബാംഗ്ലൂരിലും കൂടി എൻ.ആർ.കെ. ഡെവലപ്മെന്റ് ഓഫീസുകൾ ആരംഭിക്കുന്നതിന് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഇൻഫോ പാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി

24(*174) ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇൻഫോ പാർക്കുകളുടെ നിർമ്മാണത്തിനും വികസനത്തിനും ആവശ്യമായ സ്ഥലങ്ങൾക്ക് സെസ്സ് പദവി നൽകുന്നതു സംബന്ധിച്ച് എന്തൊക്കെ പുതിയ മാർഗ്ഗനിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി ഏതൊക്കെ സ്ഥലങ്ങളിൽ സെസ്സ് പദവി ഏർപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത്;

(സി) ഇതിനായി ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ വീതം ഭൂമിക്കായി സെസ്സ് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി ;

(ഡി) ഈ രംഗത്ത് ദ്രുതഗതിയിലുള്ള വികസനം സാദ്ധ്യമാക്കുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ സെസ്സ് പദവി നടപ്പിയെടുക്കാൻ കേന്ദ്ര സർക്കാരുമായി യോജിച്ച് പ്രവർത്തനം നടത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ) 6-10-2008-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1154/08/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്.

(ബി) തൃശ്ശൂർ കൊരട്ടി ഇൻഫോ പാർക്കിന് കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സെസ്സ് പദവി നേടുന്ന കാര്യം പരിഗണനയിലാണ്.

(സി) 1. ഇൻഫോ പാർക്ക്, കൊച്ചി ഒന്നാംഘട്ടം -78 ഏക്കർ

2. ഇൻഫോ പാർക്ക്, ചേർത്തല -60 ഏക്കർ

3. ഇൻഫോ പാർക്ക്, അമ്പലപ്പുഴ -33 ഏക്കർ

4. ഇൻഫോ പാർക്ക്, കൊച്ചി രണ്ടാംഘട്ടം -31 ഏക്കർ

(ഡി) 6-10-2008-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 1154/08/വ്യവ. പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാരിന്റെ പുതിയ സെസ്സ് നയം അനുസരിച്ചാണ് സെസ്സ് ലഭിക്കുന്നതിനുള്ള അപേക്ഷകൾ കേന്ദ്ര സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നത്.

അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടി

25(*175) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്ഷയ കേന്ദ്രങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്ത് എത്ര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ;

(സി) അക്ഷയ കേന്ദ്രങ്ങളിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന ഇലക്ട്രോണിക് സേവനങ്ങൾ എന്തെല്ലാമാണ് ;

(ഡി) അക്ഷയ കേന്ദ്രങ്ങളിൽ ഏതെല്ലാം കോഴ്സുകൾ പഠിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) അക്ഷയ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly